# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2448. 19.07.2016 ൽ മറുപടിയ്ക്ക്.

## വാഹനാപകടങ്ങൾ തടയാൻ നടപടി

| ചോദ്യം<br>ശ്രീ.അനൂപ് ജേക്കബ് | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സ്വകാര്യ വാഹനങ്ങളിൽ സ്കൂൾ കുട്ടികളെ അനുവദനീയമായ എണ്ണത്തിൽ കൂടുതൽ കയറ്റികൊണ്ട് പോകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) & (ബി | ഉണ്ട്. |
| (ബി) | സ്കൂൾ വാഹനങ്ങൾ ഉൾപ്പടെയുള്ള വാഹനങ്ങളുടെ അമിതവേഗത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത് മൂലം ഉണ്ടാകുന്ന അപകടങ്ങൾ തടയാൻ എന്തെങ്കിലും നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയെന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | അമിത വേഗത റോഡപകടങ്ങൾ സൃഷ്ടിക്കുന്നതിൽ ഒരു പ്രധാന പങ്ക് വഹിക്കുന്നു എന്ന് മനസ്സിലാക്കിക്കൊണ്ട് വാഹനങ്ങളുടെ അമിതവേഗം നിയന്ത്രിക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി സ്കൂൾ വാഹനങ്ങളിൽ സ്പീഡ് ഗവർണർ നിർബന്ധമാക്കിയിട്ടുണ്ട്. സ്പീഡ് ട്രേസറുകൾ ഉപയോഗിച്ച് മൊബൈൽ എൻഫോഴ്സ്മെന്റ് നടത്തുന്ന വാഹന പരിശോധനകളിലും ഓഫീസ് തലങ്ങളിൽ നടത്തുന്ന ചെക്കിംഗുകളിലും അമിതവേഗതയിൽ ഓടുന്ന വാഹനങ്ങൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>സ്കൂൾ കുട്ടികളുടെ സുരക്ഷിതത്വം |

| | | | |
|---|---|---|---|
| | | | ഉറപ്പാക്കുന്നതിനായി സ്റ്റേറ്റ് പോലീസ് ചീഫ് എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഓട്ടോറിക്ഷയിലും കാറിലും ജീപ്പിലും മറ്റ് സ്വകാര്യ വാഹനങ്ങളിലും അനുവദനീയമായതിലും കൂടുതൽ കുട്ടികൾ യാത്ര ചെയ്യുന്നത് തടയാനുള്ള നിർദ്ദേശവും സ്കൂൾ ബസ്സിൽ കയറ്റാവുന്ന കുട്ടികളുടെ എണ്ണം, ബസ്സിന്റെ വേഗത, ഡ്രൈവറുടെ യോഗ്യത എന്നീ കാര്യങ്ങളിലും, കർശന നിയന്ത്രണം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനുള്ള നിർദ്ദേശവും എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നൽകിയിട്ടുണ്ട്. എല്ലാ വർഷവും ജൂൺ മാസം സ്കൂൾ തുറക്കുന്നതിനു മുമ്പ് തന്നെ ഇതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>ഇതിനുപരിയായി അപകടകരമായ രീതിയിൽ അശ്രദ്ധമായും അമിത വേഗത്തിലും സ്കൂൾ വാഹനം ഓടിക്കുന്നവർക്കെതിരെ കർശന നിയമ നടപടികൾ പോലീസ് ഡിപ്പാർട്ട്മെന്റ് സ്വീകരിച്ചു വരുന്നുണ്ട്. കൂടാതെ എൻഫോഴ്സ്മെന്റ് കൂടുതൽ കാര്യക്ഷമ -മാക്കുന്നതിനും വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും സംസ്ഥാന സർക്കാരും കേരള പോലീസുമായി ചേർന്ന് 'ശുഭയാത്ര 2015' എന്ന ഒരു പുതിയ പദ്ധതിയ്ക്ക് രൂപം നൽകിയിട്ടുണ്ട്. അതിനു കീഴിലും സ്കൂൾ വാഹനം ഓടിക്കുന്നവർക്ക് വിവിധ ബോധവൽക്കരണ ക്ലാസുകളും പ്രത്യേക പരിശീലന ക്ലാസുകളും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.